## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3042** **18.06.2019 -ൽ മറുപടിയ്ക്ക്**

## സ്കൂൾ കലണ്ടർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ നടത്തുന്ന പദ്ധതികൾ പലപ്പോഴും ഒരു ഏകീകരണവുമില്ലാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ നടത്തുന്ന പദ്ധതികൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞവർഷം വിവിധ ഏജൻസികളുടെ മീറ്റിംഗുകൾ നടത്തി പ്രവർത്തന കലണ്ടർ രൂപീകരിച്ചിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികളിൽ ആവർത്തനം ഒഴിവാക്കുന്നതിന് സംസ്ഥാന തലത്തിൽ ഏകോപനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' - മിഷനാണ് ഏകോപനത്തിന്റെ ചുമതല.വിവിധ പഠനപരിപോഷണ പരിപാടികളും കുട്ടികളുടെ പഠന പ്രയാസങ്ങൾ മാറ്റുന്നതിനുള്ള പരിപാടികളും ' ശ്രദ്ധ ' എന്ന പൊതുപേരിൽ ഒരു കുടക്കീഴിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ 2018-- 19 വർഷം ആരംഭിച്ചിരുന്നു. |
| ബി) എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ., തുടങ്ങിയ ഏജൻസികളും വിദ്യാഭ്യാസ വകുപ്പും വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുന്ന വിവിധ പ്രോഗ്രാമുകൾ ഒരേ ദിവസം വരുന്നത് ഒഴിവാക്കുന്നതിനുവേണ്ടി മികച്ച മോണിറ്ററിംഗ് നടപ്പിലാക്കുമോ; വിശദീകരിക്കുമോ; | ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ' മിഷന്റെ നേതൃത്വത്തിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ. തുടങ്ങിയ ഏജൻസികളും വിദ്യാഭ്യാസ വകുപ്പും വിദ്യർത്ഥികൾക്ക് വേണ്ടി നടത്തുന്ന വിവിധ പ്രോഗ്രാമുകൾ മികച്ച രീതിയിൽ ആസൂത്രണം നടത്തി നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുടെ പ്രവർത്തന കലണ്ടർ വിശകലനം ചെയ്തും മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തിയും കാര്യക്ഷമമാക്കും. |
| സി) സ്കൂൾ കലണ്ടർ തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള വിവിധ പ്രോഗ്രാമുകളെ കൂടി ഉൾപ്പെടുത്തി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ വിശദീകരിക്കുമോ? | സി) സ്കൂൾ കലണ്ടർ തയ്യാറാക്കുമ്പോൾ വിവിധ പ്രോഗ്രാമുകളെ ഉൾപ്പെടുത്തി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ